**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – എറണാകുളം ജില്ല – പായിപ്ര ഗ്രാമപഞ്ചായത്ത് – ജില്ലാതല ഓണാഘോഷ പരിപാടിയുടെ നടത്തിപ്പിന് തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.3187/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 03/10/2017

---

പരാമർശം:- പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/08/2017 ലെ പി3/05/17 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന ജില്ലാതല ഓണാഘോഷ പരിപാടിയുടെ നടത്തിപ്പിനായി 1.50 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതിയാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും പായിപ്ര ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന ജില്ലാതല ഓണാഘോഷ പരിപാടിയുടെ നടത്തിപ്പിനായി പായിപ്ര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചയത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡന്റ്/സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത്, പേഴയ്ക്കാപ്പിള്ളി പി.ഒ, മൂവാറ്റുപുഴ (വഴി), എറണാകുളം - 686674
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*